കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പിറവന്തൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ-കെ.എൽ.എം.പി7-1898/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി, 4/2/17.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിറവന്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : – പിറവന്തൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി7-1893/2016 തീയതി, 4/2/2017

## കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.06.2016 മുതൽ 01.12.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി . ഗീത എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് | : | 02.12.2016 മുതൽ |

| | | | |
|---|---|---|---|
| വിനിയോഗിച്ച സമയം | | 09.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഐസക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ ജഗദീഷ് .എസ് | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സുഗേഷ്.എം.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.എമിൽ.റ്റി. എബ്രഹാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.കെ. ജോസ് | 01.04.2015 മുതൽ 30.11.2015 വരെ |
| | | ശ്രീമതി.ശശികല .പി. എസ് | 01.12.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | | ശ്രീ .ജോഷ്വാ ജേക്കബ് | 01.04.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്ററന്റ് എൻജിനീയർ | | ശ്രീ ദിനേശ്. ഡി.കെ | 01.04.2015മുതൽ 31.03.2016വരെ |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ ബിനോയ് .എം.ജി | 01.04.2015 മുതൽ 15.06.2015 വരെ |
| | | ശ്രീ കെ .സജി ജോൺ | 16.06.2015 മുതൽ 15.07.2015 വരെ |
| | | ശ്രീമതി എൻ .ഇന്ദിര | 16.07.2015മുതൽ 11.08.2015 വരെ |
| | | ശ്രീ കെ .സജി ജോൺ | 12.08.2015 മുതൽ 20.08.2015 വരെ |
| | | ശ്രീ ജോൺ ഗോട്ടിക് ഗ്രീക്ക് | 21.08.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | | ശ്രീ രാമചന്ദ്രൻ .എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | | ഡോ. സുരേഷ് ബാബു. റ്റി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | | ഡോ.സന്ധ്യാസുധാകരൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | | ഡോ. സൂസിക്കുട്ടി | 01.04.2015 മുതൽ 14.05.2015 വരെ |

| | | | |
|---|---|---|---|
| | | ഡോ അഞ്ജു. പി .ബി | 14.05.2015 മുതൽ 19.09.2015 വരെ |
| | | ഡോ. ബീനാകുമാരി.റ്റി.ആർ | 20.09.2015 മുതൽ 14.01.2016 വരെ |
| | | ഡോ .ശുഭ .എ .പി | 15.01.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ ആയൂർവ്വേദം | | ഡോ. തോമസ് കോശി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ . സന്തോഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വൻമള, പുന്നല) | | ശ്രീ. സുരേഷ് കുമാർ .എസ് | 01.04.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കിഴക്കേമുറി ) | | ശ്രീമതി.എ.ഹസീന | 01.04.2015മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐ .സി .ഡി .എസ് സൂപ്പർവൈസർ | ശ്രീമതി. അല്ലി. എസ് | 1.04.2015 മുതൽ 31.03.2016വരെ |

| | | |
|---|---|---|
| | | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി . വി .ആർ. മീര | 1.04.2015 മുതൽ 31.0 |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| | ഭാഗം 2 | |
| 12 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല – കുടിശ്ശിക 37500/- രൂപ | 2-1 |
| 13 | മോട്ടോർ ഫീ ഈടാക്കിയില്ല - 500/- രൂപ നഷ്ടം | 2-2 |
| 14 | പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും കെട്ടിട നികുതി ഇനത്തിൽ 54432/- രൂപ കുടിശ്ശിക | 2-3 |
| 15 | കെട്ടിടങ്ങൾ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിക്കുന്നു . | 2-4 |
| 16 | 28800/-രൂപ വാടകക്കുടിശ്ശിക ഈടാക്കിയില്ല | 2-5 |
| 17 | വസ്തുനികുതിയിനത്തിൽ 1653674/- രൂപ കുടിശ്ശിക | 2-6 |
| | ഭാഗം 3 | |
| 18 | ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്ക് ഓണറേറിയം നൽകിയ തുക ലഭിച്ചില്ല | 3-1 |
| 19 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം- സാധുതയില്ലാത്ത വിവാഹത്തിന് ആനുകൂല്യം നൽകി -നിരാകരണം 30000രൂപ | 3-2 |
| 20 | സമയബന്ധിതമായി മരുന്നുകൾ ലഭിച്ചില്ല | 3-3 |
| 21 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന ചോർച്ച | 3-4 |

| | | |
|---|---|---|
| 22 | റോഡ് ടാറിംഗ് പ്രവൃത്തിയിൽ ആവശ്യകതയിൽ കൂടുതൽ അളവിൽ ഉപയോഗിച്ച ടാറിന് കൺവീനർക്ക് തുക അനുവദിച്ചു-നിരാകരിക്കുന്ന തുക-5802/-രൂ. | 3-5 |
| 23 | പ്രോജക്ട്നം.SO139/16 നാരങ്ങാപ്പുറം-ചേകംറോഡ് സംരക്ഷണഭിത്തി-യഥാർത്ഥ നീളത്തിലധികരിച്ച് ബെൽറ്റ് നിർമ്മിച്ചതിന് തുക നൽകി-നിരാകരിക്കുന്ന തുക-1551/-രൂ. | 3-6 |
| 24 | റോഡ് ടാറിംഗ് പ്രവൃത്തിയിൽ ആവശ്യകതയിൽ കുറഞ്ഞ അളവിൽ ടാർ ഉപയോഗിച്ചു- നിലവാരം കുറഞ്ഞ പ്രവൃത്തി- നിരാകരിക്കുന്ന തുക-13000/-രൂ. | 3-7 |
| 25 | പ്രോജക്ട് നം. SO-153/16-കടയ്ക്കാമൺ ഹോമിയോ ആശുപത്രി കെട്ടിടം (ഒന്നാം ഘട്ടം)-നിർവഹണത്തിലെ അപാകതകൾ - നിരാകരിക്കുന്ന തുക-33280/-രൂപ | 3-8 |
| | <u>ഭാഗം 4</u> | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ പ്രത്യേക കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 14.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05-12-2016 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട് |

ന്യൂനതകളുടെ സംഗ്രഹം

ഗ്രാമപഞ്ചായത്തിന്റെ ആസ്തി മൂല്യം, ഡിപ്രീസിയേഷൻ നിരക്ക് എന്നിവ കൃത്യമായി നിർണ്ണയിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന ആസ്തിയുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42287033 |
| വരവ് | 69857725 |
| ആകെ | 112144758 |
| ചെലവ് | 89744495 |
| നീക്കിയിരിപ്പ് | 22400263 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| വികസനഫണ്ട് പൊതുവിഭാഗം | 1719176 | 16469689 | 18188865 | 18188865 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 6172329 | 7085519 | 13257848 | 13257848 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 132000 | 420000 | 552000 | 552000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2130758 | 14380185 | 16510943 | 16510943 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 990153 | 4983292 | 5973445 | 5973445 | 0 | 100 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1348761 | 8600888 | 9949649 | 9949649 | 0 | 100 |
| കെ.എൽ.ജി.എസ് ഡി.പി | 7096017 | 3735190 | 10831207 | 10831207 | 0 | 100 |
| എം .എൻ .ആർ .ഇ. ജി. എസ് | 74214 | 17105874 | 17180088 | 17179217 | 871 | 99 |
| ബി ഫണ്ട് | -- | 39798777 | 39798777 | 39798777 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 108701030 | 212 | 70.84 | 0 | 28 | 80.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 138% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5365155 | 3080118 | (+)2285037 | (+)43 |
| നികുതിയേതര വരവുകൾ | 793670 | 1018768 | (-)225098 | (-)28 |
| മറ്റുവരവുകൾ | 10297615 | 12842126 | (+)2544511 | (+)25 |
| ആകെ | 16456440 | 39225644 | (+)22769204 | (+)138 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | |
|---|---|---|
| | | എണ്ണം |
| തൊഴിൽരഹിത വേതനം | 280920 | 210 |
| കർഷകതൊഴിലാളി പെൻഷൻ | 6070050 | 71 |
| വിധവാപെൻഷൻ | 15945200 | 135 |
| വാർദ്ധക്യകാലപെൻഷൻ | 12420270 | 165 |
| വികലാംഗപെൻഷൻ | 4194630 | 36 |
| അവിവാഹിത പെൻഷൻ | 510520 | 4 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-12-2016 തീയതിയിൽ 2.10 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10872രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റ രീതിയിലാക്കുന്നതിന് ആവശ്യമായ പ്രധാനപ്പെട്ട രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്, രേഖകൾ യഥാവിധി പരിശോധനയ്ക്ക് ഹാജരാക്കുന്നതിലുള്ള കൃത്യത, ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ മെച്ചപ്പെട്ട രീതിയിലാണ്.തനത് ഫണ്ട്, ബി-ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.16മുതൽ 22.11.16വരെ | 10/2016 | 1.12.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.2012മുതൽ 01.10.2012 വരെ | 2007-08മുതൽ 2011-12വരെ | 15-12-2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല -കുടിശ്ശിക 37500/- രൂപ

താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപനതൊഴിൽ നികുതി |
|---|---|---|---|
| 1 | പുന്നല സർവ്വീസ് സഹകരണ ബാങ്ക് | I&IIഅർദ്ധവർഷം | 2500 |
| 2 | ബി. എസ്. എൻ .എൽ | I&IIഅർദ്ധവർഷം | 2500 |

| | | | |
|---|---|---|---|
| 3 | എസ്. എഫ്. സി. കെ പൂന്നല | I&IIഅർദ്ധവർഷം | 2500 |
| 4 | മാവേലി സ്റ്റോർ കമുകുംചേരി | I&IIഅർദ്ധവർഷം | 2500 |
| 5 | കെ .എസ്. ഇ. ബി പിറവന്തൂർ | I&IIഅർദ്ധവർഷം | 2500 |
| 6 | എസ് .എഫ് .സി. കെ മുള്ളുമല | I&IIഅർദ്ധവർഷം | 2500 |
| 7 | ആര്യ സെൻട്രൽ സ്കൂൾ | I&IIഅർദ്ധവർഷം | 2500 |
| 8 | സപ്ലൈക്കോ | I&IIഅർദ്ധവർഷം | 2500 |
| 9 | ശാലേം മർത്തോമാ എൽ. പി. എസ്, ചാച്ചിപുന്ന | I&IIഅർദ്ധവർഷം | 2500 |
| 10 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് | I&IIഅർദ്ധവർഷം | 2500 |
| 11 | എസ് .എഫ് .സി. കെ, അലിമുക്ക് | I&IIഅർദ്ധവർഷം | 2500 |
| 12 | സമന്വയ ആഡിറ്റോറിയം, പുന്നല | I&IIഅർദ്ധവർഷം | 2500 |

| | | | |
|---|---|---|---|
| 13 | കെ .ജെ .എം ആഡിറ്റോറിയം, എലിക്കാട്ടൂർ | I&IIഅർദ്ധവർഷം | 2500 |
| 14 | ടൈനി റ്റോട്ട്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I&IIഅർദ്ധവർഷം | 2500 |
| 15 | അപ്സര ആഡിറ്റോറിയം, വെട്ടിത്തിട്ട | I&IIഅർദ്ധവർഷം | 2500 |
| ആകെ | | | 37500 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/05.12.2016) സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ജീവനക്കാരുടെയും അധികൃതരുടെയും അലംഭാവം നിമിത്തം കുടിശ്ശിക ആയി മാറിയ 37500 രൂപ പിരിച്ചെടുക്കുവാൻ വേണ്ട ഊർജിത ശ്രമം ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകേണ്ടതാണ് .

## 2-2 മോട്ടോർ ഫീ ഈടാക്കിയില്ല - 500/- രൂപ നഷ്ടം

പഞ്ചായത്ത് അതിർത്തിയിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട്. ആയത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ (എച്ച്.പി) | ഈടാക്കേണ്ട തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മാത്യു തോമസ് | ഫ്ളവർ മിൽ | 10എച്ച്.പി | 100 |
| 2 | മാത്തുക്കുട്ടി സി.ജെ | വെൽഡിംഗ് വർക്ക് ഷോപ്പ് | 6എച്ച്.പി | 100 |
| 3 | രേവതി. ആർ | ഹോളോ ബ്രിക്സ് നിർമാണം | 10എച്ച്.പി | 200(100) രൂപ ഈടാക്കി |
| 4 | റെജി സാമുവൽ | വെൽഡിംഗ് വർക്ക് ഷോപ്പ് | 3എച്ച്.പി | 100 |
| 5 | ബേബിക്കുട്ടി. ഡി (ഇൻസ്റ്റലേഷൻ ഫീഈടാക്കിയില്ല) | വെൽഡിംഗ് വർക്ക് ഷോപ്പ് | 5 എച്ച്.പി | 100 |
| | | | ആകെ | 500 |

ടി വിഷയത്തെ ആസ്പദമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/07.12.2016) മോട്ടോർ ഫീ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നോ ഫീസ് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ് .

## 2-3 പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് - കെട്ടിട നികുതി ഇനത്തിൽ 54432/- രൂപ കുടിശ്ശിക

കോ - ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) അധീനതയിലുള്ള പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ നിന്നും കെട്ടിട നികുതി ഇനത്തിൽ 54432/- രൂപ കുടിശ്ശിക ( 2014-15 , 2015-16) ഇനത്തിൽ ലഭിക്കുവാനുണ്ട്.

പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം സാശ്രയ മേഖലയിലുള്ള (കുട്ടികൾ ഫീസ് നൽകി പഠിക്കുന്നു.) കോളേജാണ് . കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പിൻെറ ഉപവകുപ്പ് (ബി-എ) പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നികുതി ഈടാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 207(1)(ബി) വകുപ്പ് 2009 ലെ 31-ാം ആക്ട് പ്രകാരം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ,

ഗവൺമെൻറ് ഉടമസ്ഥതയിലുള്ളതും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും, സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും മാത്രമാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

ആയതിനാൽ പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ കെട്ടിട നികുതി പിഴപ്പലിശ സഹിതം ഈടാക്കാൻ അടിയന്തിരമായി നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-4 കെട്ടിടങ്ങൾ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിക്കുന്നു

കോ ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) അധീനതയിലുള്ള പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഉടമസ്ഥതയിലുള്ള ചുവടെ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടം പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിച്ചുവരുന്നതാണെങ്കിലും നാളിതുവരെ പഞ്ചായത്തിൽ നിന്നും UA നമ്പറോ താൽക്കാലിക നമ്പറോ നല്കിയിട്ടില്ല.

ഇലക്ട്രിക്കൽ ബ്ലോക്ക് - 3418. 31 ച.മീ.

മെയിൻ ബ്ലോക്ക് - 3480 ച.മീ. (2011ൽ ഈ കെട്ടിടത്തിന്റെ നിർമാണത്തിനായി പെർമിറ്റ് എടുത്തിരുന്നു ( പുതുക്കിയിട്ടില്ല )

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ നിർമ്മാണത്തിൻമേൽ അടിയന്തിരമായി നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം പ്രവണതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

കെട്ടിടങ്ങൾ പെർമിറ്റില്ലാതെ നിർമ്മിക്കുന്നു

പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ 09.12.16 -ൽ നടത്തിയ സ്ഥലപരിശോധന വേളയിലാണ് അതേ പ്ലോട്ടിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്നതായി ബോധ്യപ്പെട്ടത്. ടി നിർമ്മാണവുമായി ബന്ധപ്പെട്ട് പെർമിറ്റ് എടുത്തിട്ടുണ്ടോയെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക് (8/09.12.16) പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

സിവിൽ ബ്ലോക്ക് - 3582 . 84 ച.മീ.

കാന്റീൻ - 101 . 875 ച.മീ.

ഇലക്ട്രിക്കൽ റൂം - 81. 90 ച.മീ.

ബസ് ഷെൽറ്റർ - 145. 60 ച.മീ.

ലേഡീസ് ഹോസ്റ്റൽ - 2691. ച.മീ.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നിർമ്മാണത്തിൻമേൽ അടിയന്തിരമായി നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

**2-5** <u>വാടകക്കുടിശ്ശിക **28800/-**രൂപ ഈടാക്കിയിട്ടില്ല</u>

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൊല്ലം ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള 9 ഷെഡ്ഡുകൾ ഉൾപ്പെട്ടതാണ് മിനി വ്യവസായ എസ്റ്റേറ്റ്. ഈ ഷെഡ്ഡുകൾ വാടകയ്ക്ക് നൽകുന്നതും, കരാറിലേർപ്പെടുന്നതും, വാടകക്കാരിൽ നിന്നും ഡെപ്പോസിറ്റ് /അഡ്വാൻസ് സ്വീകരിക്കുന്നതും ജില്ലാ പഞ്ചായത്താണ്. പ്രതിമാസ വാടക പിരിക്കുന്നതും ആയതിന്റെ 60% ജില്ലാ പഞ്ചായത്തിലേക്ക് ഒടുക്കുന്നതുമാണ് ഗ്രാമപഞ്ചായത്തിന്റെ ചുമതല. പ്രസ്തുത വ്യവസായ എസ്റ്റേറ്റിലെ റൂം നം 5 വാടകയ്ക്ക് എടുത്തിരിക്കുന്ന ശ്രീ.ഉമേഷ് കുമാർ (ശ്രീകോവിൽ ,കാരുവേലിൽ പി.ഒ, എഴുകോൺ ) റൂം നം 4 വാടകയ്ക്ക് എടുത്തിരിക്കുന്ന ശ്രീ.ശ്രീകുമാർ (പനയംചേരി വീട്, ആരംപുന്ന ,ഇളമ്പൽ പി.ഒ) എന്നീ വ്യക്തികളിൽ നിന്നും 2015-16 വർഷത്തിൽ വാടക ഈടാക്കിയിട്ടില്ല .

കുടിശ്ശികയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റൂം നം | കൈവശക്കാരന്റെ പേര് | കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | റൂം നം 4 | ശ്രീ.ശ്രീകുമാർ | 4/2015 മുതൽ 3/2016 വരെ | 14400 (1200x12) |
| 2 | റൂം | ശ്രീ.ഉമേഷ് കുമാർ | 4/2015 മുതൽ | 14400 |

| | | | | |
|---|---|---|---|---|
| | നം 5 | | 3/2016 വരെ | (1200x12) |
| ആകെ | | | | 28800 |

ഇതു സംബന്ധിച്ച് 07/12/2016-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-3-ന് വാടക ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കടമുറികളുടെ വാടക ഇനത്തിൽ ലഭിക്കുവാനുള്ള 28800/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-6 വസ്തുനികുതിയിനത്തിൽ 1653674/- രൂപ കുടിശ്ശിക

2015-16 കാലയളവിൽ വസ്തുനികുതി ഇനത്തിൽ തൻവർഷം 1304491/- രൂപയും കുടിശ്ശിക ഇനത്തിൽ 349183/- രൂപയും ഉൾപ്പടെ 1653674/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 (1) - ഉപവകുപ്പ് പ്രകാരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം, പ്രസ്തുത തുക മൂന്ന് വർഷത്തിന് ശേഷം കാലഹരണപ്പെടും എന്നതിനാൽ വർഷം തിരിച്ചുള്ള കണക്കുകൾ തയാറാക്കി,കുടിശികത്തുക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

വസ്തുനികുതി ഇനത്തിൽ അവശേഷിക്കുന്ന 1653674/- (1304491+349183) രൂപ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്ക് ഓണറേറിയം നൽകിയ തുക തെരെഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ലഭിച്ചിട്ടില്ല

2015ലെ പൊതുതെരെഞ്ഞെടുപ്പിനായി ഫോട്ടോ പതിപ്പിച്ച വോട്ടർ പത്രിക തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്ക് സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 28/10/14 ലെ 552/2014/SEC നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 2000/- രൂപ നിരക്കിലുള്ള ഓണറേറിയം (സംസ്ഥാനതെരെഞ്ഞെടുപ്പ് കമ്മീഷൻ വിഹിതം- 1500/- രൂപ, 500/- രൂപ തനത് ഫണ്ട്) മുഴുവനും

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുവാൻ കേരള സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 21-03-15 ലെ 2614/F/2014/SEC കത്ത് പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 27 ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്കായി 54000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ 21500017 /06-04-15) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 1500/- രൂപ നിരക്കിലുള്ള തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് റീ ഇംപേഴ്സ് ചെയ്യുമെന്നറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക ലഭ്യമായിട്ടില്ല. ആയതിനാൽ സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും 40500/-രൂപ (27x1500) തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-2** <u>വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം -സാധുതയില്ലാത്ത വിവാഹത്തിന് ആനുകൂല്യം നൽകി - **30000**രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.</u>

വിധവകളുടെ 18 വയസ് പൂർത്തിയായ പെൺമക്കൾക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്. 2015-16 സാമ്പത്തിക വർഷം വിവാഹത്തിന് ധനസഹായം ലഭിച്ചവരിൽ ശ്രീമതി വിജയമ്മ,ചരുവിളപുത്തൻവീട്,കറവൂർ എന്നയാളുടെ ചെറുമകൾ ശ്രീമതി. ബി .വിദ്യയും ഉൾപ്പെട്ടിട്ടുണ്ട്. ഡി.ഡി.നം-371416/24.07.15 പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്. ടിയാളുടെ അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷയിലും വിവാഹക്ഷണക്കത്തിലും വിവാഹത്തീയതി രേഖപ്പെടുത്തിയിരിക്കുന്നത് 28.11.2013 എന്നാണ് . വിദ്യയുടെ എസ് .എസ് .എൽ .സി ബുക്ക് ( നം എൽ 147423/28.04.2011) പ്രകാരം ജനനതീയതി 21.04.1996 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ഇതിൻ പ്രകാരം വിവാഹ തീയതിയിൽ ടിയാളുടെ വയസ്സ് 17 വർഷം 7 മാസം 7 ദിവസം മാത്രമാണ് .ഇപ്രകാരം സാധുതയില്ലാത്ത വിവാഹത്തിന് ആനുകൂല്യം നൽകിയതുവഴി പഞ്ചായത്തിന് 30000/- രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഈ വിവാഹത്തിന് അനുവദിച്ച 30000/- രൂപ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/09.12.2016) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ തുക ആനുകൂല്യം കൈപ്പറ്റിയ വ്യക്തികളിൽ നിന്നോ ഗുണഭോക്താവിന്റെ അർഹത പരിശോധിക്കാതെ ആനുകൂല്യം അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ

അടവാക്കേണ്ടതാണ് .

## 3-3 സമയബന്ധിതമായി മരുന്നുകൾ ലഭിച്ചില്ല -250000/-രൂപ തടസ്സപ്പെടുത്തുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിനായി 16.02.16ലെ ബിൽ നം.1/15-16 പ്രകാരം പിൻവലിച്ച 250000/-രൂപ ആലപ്പുഴ ഹോംകോയിൽ ഒടുക്കിയെങ്കിലും (ഡിഡി നം 988783 തീയതി 20.02.2016 ) നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല .ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി 250000 രൂപയുടെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-4 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന ചോർച്ച

2015-16 വർഷം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ 2270940 (189245x12) രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള വിവിധയിനം തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സാധാരണ ബൾബ്<br>40 w<br>60 w<br>100 w | 498<br>210<br>7 | 61<br>94<br>155 | 30378<br>19740<br>1085 |
| 2 | സിംഗിൾ ട്യൂബ്<br>40 w | 851 | 61 | 51911 |

| | | | | |
|---|---|---|---|---|
| 3 | ഡബിൾ ട്യൂബ്<br>80 w | 567 | 124 | 70308 |
| 4 | സി.എഫ്.എൽ<br>18 w<br>22 w | 60<br>174 | 12<br>14 | 720<br>2436 |
| 5 | എസ്. വി .എൽ<br>250 w<br>150 w | 30<br>1 | 414<br>247 | 12420<br>247 |
| | | | ആകെ | 189245 |

രജിസ്റ്റർ പ്രകാരം 40 Wന്റെ 498 എണ്ണവും 60 W ന്റെ 210എണ്ണവും 100 Wന്റെ 7 എണ്ണവും സാധാരണ ബൾബുകൾ ഉള്ളതായി കാണുന്നു. എന്നാൽ സമീപ കാലയളവിൽ സാധാരണ ബൾബുകൾ ഗ്രാമപഞ്ചായത്ത് വാങ്ങിയതായി രേഖകളില്ല. ഈ വിവരം കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി ഓർഡിനറി ബൾബിന് ഈടാക്കുന്ന കറന്റ് ചാർജ് ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തി കെ.എസ്.ഇ.ബിയിൽ നിന്നും സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.9 തീയതി 09.12.16 ) യാതൊരു മറുപടിയും ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് തനത് ഫണ്ടിൽ നിന്നുള്ള വരുമാന ചോർച്ച തടയേണ്ടതാണ്.

**3-5** <u>റോഡ് ടാറിംഗ് പ്രവൃത്തിയിൽ ആവശ്യകതയിൽ കൂടുതൽ അളവിൽ ഉപയോഗിച്ച ടാറിന് കൺവീനർക്ക് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക-**5802/-**രൂ.</u>

അസിസ്റ്റൻറ് എഞ്ചിനീയർ നിർവഹണം നടത്തിയ, ചുവടെ ചേർക്കുന്ന

റോഡ് ടാറിംഗ് പ്രവൃത്തിയിൽ, ആവശ്യമായതിലും കൂടുതൽ അളവിലുള്ള ടാർ വാങ്ങിയതിന്റെ ബിൽ കൺവീനർ ഹാജരാക്കിയിട്ടുണ്ട്. ആവശ്യകതയിൽ പരിമിതപ്പെടുത്താതെ, കൺവീനർ ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതിനാൽ അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
പ്രോജക്ട് നം. SO-110/16

പ്രോജക്ട്- മഹാദേവർമൺ അമ്പലം-ചണ്ണയ്ക്കാമൺ കുടിവെള്ളപദ്ധതി റോഡ് റീടാറിംഗ്.

അടങ്കൽ തുക- 495000/- ( മെയിന്റനൻസ് ഗ്രാന്റ്)

കൺവീനർ-ശ്രീ. വിഷ്ണു

എഗ്രി. നം/തീയതി- AE/119/15-16 dt-9-11-15

എം. ബുക്ക് നം.115/15-16

ആകെ പ്രവൃത്തിമൂല്യം- 465048.47

കൺവീനറുടെ ചെലവിൽ പരിമിതപ്പെടുത്തിയത്- 423048/-

(423531/-രൂപയുടെ രേഖകളാണ് യഥാർത്ഥത്തിൽ കൺവീനർ ഹാജരാക്കിയിട്ടുള്ളത്.)

(+) വാറ്റ് 5%- 21152/-

WF 1%- 4230/-

----------

25382/-

448430/-(ബിൽ നം. 142/15-16/26.3.2016)

(-)

വാറ്റ് -5%- 21152/-

WF -1%- 4230/-

IT- 1%- 4230/-

-----------

29612/-

കൺവീനർക്ക് നൽകിയത് 418818/- രൂ. (ഡി.ഡി.നം. 990873/29.3.2016)

=======

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | ടാർ 21ബാരൽ | 105911 |
| 2 | മസ്റ്റർ റോൾ | 50470 |
| 3 | മെറ്റൽ, ചിപ്സ് | 123150 |
| 4 | ലേബർ ചാർജ്ജ് (റീ ടാറിംഗ്) | 144000 |
| | ആകെ | 423531 |

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ടാറിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | എസ്റ്റിമേറ്റ്ഇനം നം. | ഡി.എസ്.ആർ 2014, കോഡ്. | ആവശ്യമായ ടാറിന്റെ അളവ് |
|---|---|---|---|
| 1 | 4 | KSS 3.6.1.2 | Pot hole filling@27.5Kg/m3= 13.85x27.5= 380.875Kg. |
| | 6 | 16.30.1 | Providing and applying tack coat on WBM @ 0.75Kg/m2<br>=111x0.75=83.25 Kg. |
| 3 | 7 | 16.30.2 | Providing and applying tack coat on bituminous surface@ 0.5Kg/m2<br>843x.5= 421.50 Kg. |
| 4 | 8 | 16.32.1 | 2cm premix carpet surfcing with 1.8m3 and 0.9m3 of stone chippings of 13.2mm size and 11.2mm size respectively per 100m2 and 52Kg and 56Kg of bitumin per 1m3 of stone chippings of 13.2mm and 11.2mm size respectively,@ 144Kg/100m2 |

| | | | |
|---|---|---|---|
| | | | 954x1.44=1373.76Kg |
| 5 | 9 | 16.41 | Providing and laying seal coat on prepared surface @ 98Kg/100m2.<br>954x0.98= 934.92Kg |
| ആകെആവശ്യമായടാർ=380.875+83.25+421.50+1373.76+934.92= 3194.305 Kg | | | |

പ്രസ്തുത പ്രവൃത്തിക്കായി സിഡ്കോയിൽ നിന്നും കൺവീനർ വാങ്ങിയ ടാറിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം/തീയതി | ടാറിന്റെ അളവ് | ടാറിന്റെ വില, ട്രാൻസ്പോർട്ടേഷൻ, സർവ്വീസ് ടാക്സ് ഇനങ്ങളിൽ ചെലവഴിച്ച തുക (രൂ) |
|---|---|---|---|
| 1 | 15003/24.2.2016 | 21 ബാരൽ @ 161.8Kg/ബാരൽ=3397.8 Kg | 49189 |

ഇതിൽ നിന്നും 1Kg ടാറിനുവേണ്ടി കൺവീനർ ചെലവഴിച്ച തുക = 105911/3397.8= 31.17 രൂപ എന്ന് കാണുന്നു.

പ്രവൃത്തിക്ക് ആവശ്യമായ ടാർ = 3194.305 Kg

വാങ്ങിയ ടാർ= 3397.8Kg

അധികം വാങ്ങിയ ടാർ = 3397.8-3194.305= 203.495Kg

അധികം വാങ്ങിയ ടാറിന്റെ വിലയിനത്തിൽ കൺവീനർക്ക് അനുവദിച്ച തുക =

203.495x31.17= 6343രൂ.

കൺവീനർ ഹാജരാക്കിയ ബിൽ തുകയിൽ നിന്നും പ്രസ്തുത തുക കുറച്ചുള്ള തുകയിൽ ആകെ പ്രവൃത്തിമൂല്യം പരിമിതപ്പെടുത്തണമായിരുന്നു.

ഇതനുസരിച്ച്, കൺവീനർക്ക് അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്ന തരത്തിൽ കണക്കാക്കാവുന്നതാണ്.

ആകെ പ്രവൃത്തിമൂല്യം= 423531-6343= 417188

(+) 5% VAT = 20859/-

1% WF = 4172/-

------

442219/-

(-) 5% VAT = 20859/-

1% WF = 4172/-

1% IT = 4172/-

-------

കൺവീനർക്ക് നൽകാവുന്ന തുക 413016/-രൂപ

======

അധികം നൽകിയ തുക = 418818-413016= 5802/- രൂപ
ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-6** <u>പ്രോജക്ട് നം. **SO-139/16-**നാരങ്ങാപ്പറം-ചേകം റോഡ് സംരക്ഷണഭിത്തി-യഥാർത്ഥ നീളത്തിലധികരിച്ച് ബെൽറ്റ് നിർമ്മിച്ചതിന് തുക നൽകി-നിരാകരിക്കുന്ന തുക-**1551/-**രൂ.</u>

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക- 400000/- ( വികസനഫണ്ട്-എസ്.സി.പി)

കൺവീനർ-ശ്രീ. പങ്കജാക്ഷൻപിള്ള

എഗ്രി. നം/തീയതി- AE/99/15-16 /5.9.2015

എം. ബുക്ക് നം.110/15
ആകെ പ്രവൃത്തിമൂല്യം- 378170/-എന്ന് കണക്കാക്കി, നിയമാനുസൃത നികുതികൾ കിഴിച്ച് 373584/- രൂ കൺവീനർക്ക് നൽകിയിട്ടുണ്ട്. (ബിൽ നം.

126/15-16/16.2.16)

പ്രസ്തുത പ്രവൃത്തിയുടെ ഇനം-2 പ്രകാരം, DR Masonry for retaining wall (ഫൗണ്ടേഷൻ, സൂപ്പർസ്ട്രക്ചർ) എന്ന ഇനം 115.5m നീളത്തിലാണ് ചെയ്തിട്ടുള്ളത് (എം.ബുക്ക് പേജ് നം. 2,3). എന്നാൽ സംരക്ഷണഭിത്തിക്ക് മുകളിൽ 0.5m വീതിയിൽ, 0.1m കനത്തിൽ C.C.1:3:6 ബെൽറ്റ് നിർമ്മിച്ചിരിക്കുന്നത് 120.7m നീളത്തിലാണെന്ന് എം.ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു (ഇനം-3, എം.ബുക്ക് പേജ് നം.4).

അധികം അനുവദിച്ച അളവ് 5.20x0.5x0.10= 0.26m3 കലുങ്കിന് പുറത്ത് ചെയ്ത കോൺക്രീറ്റിന്റെ അളവാണ്. ഇതുകൂടി തെറ്റായി കണക്കിലെടുത്തതുകൊണ്ടാണ് സംരക്ഷണഭിത്തിയുടെ നീളത്തിൽ വ്യത്യാസം വന്നത്.

<u>അനുവദിച്ച തുക</u>

120.7x0.5x0.1 = 6.035 m3 @ 5965.11/m3 = 35999.44/-

<u>അനുവദനീയമായ തുക</u>

115.5x0.5x0.1 = 5.775 m3 @ 5965.11/m3 = 34448.51/-

--------------

അധികം നൽകിയ തുക = 1550.63/-

= 1551/- രൂപ
========

ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-7** <u>റോഡ് ടാറിംഗ് പ്രവൃത്തിയിൽ ആവശ്യകതയിൽ കുറഞ്ഞ അളവിൽ ടാർ ഉപയോഗിച്ചു- നിലവാരം കുറഞ്ഞ പ്രവൃത്തി--**13000/-**രൂ നിരാകരിക്കുന്നു</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തിയിൽ, പ്രവൃത്തിക്ക് ആവശ്യമായതിലും കുറഞ്ഞ അളവിലുള്ള ടാർ വാങ്ങിയതിന്റെ ബിൽ കൺവീനർ ഹാജരാക്കിയിട്ടുണ്ട്. ആയതു പ്രകാരം ഉപയോഗിക്കാത്ത ടാറിന് വില നൽകിയത്

ക്രമവിരുദ്ധമാണ്. കൂടാതെ, ആവശ്യകതയ്ക്കനുസരിച്ചുള്ള ടാർ ഉപയോഗിക്കാത്തതിനാൽ പ്രവൃത്തിയുടെ നിലവാരം കുറഞ്ഞിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. SO-107/16

പ്രോജക്റ്റ്-ചേമ്പുംകണ്ടം-ചീവോട് റോഡ് റീടാറിംഗ്.

അടങ്കൽതുക-400000/- (വികസനഫണ്ട്-ധനകാര്യകമ്മീഷൻഗ്രാന്റ്-388319/-
മെയിന്റനൻസ് ഗ്രാന്റ്-11681/-)

കൺവീനർ-ശ്രീ. അനിൽകുമാർ.പി.

എഗ്രി. നം/തീയതി- AE/125/15-16/18.12.2015

എം. ബുക്ക് നം.118/15-16

ആകെ പ്രവൃത്തിമൂല്യം- 378512.16

കൺവീനറുടെ ചെലവിൽ പരിമിതപ്പെടുത്തിയത്- 348512/-

(349627/-രൂപയുടെ രേഖകളാണ് യഥാർത്ഥത്തിൽ കൺവീനർ ഹാജരാക്കിയിട്ടുള്ളത്.)

(+) വാറ്റ് -5%- 17426/-

WF- 1%- 3485 /-

---

20911/-
369423/-(ബിൽ നം. 138/15-16/26.3.2016)

(-)

വാറ്റ് -5%- 17426/-

WF- 1%- 3485/-

IT- 1%- 3485 /-

---

24396/-

കൺവീനർക്ക് നൽകിയത് 345027/- രൂ. (ഡി.ഡി.നം. 990908/29.3.2016)

=======

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | ടാർ 15ബാരൽ | 75852 |
| 2 | മസ്റ്റർ റോൾ | 43775 |
| 3 | മെറ്റൽ | 90000 |
| 4 | ലേബർ ചാർജ്ജ് (റീ ടാറിംഗ് ) | 140000 |
| | ആകെ | 349627 |

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ടാറിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | എസ്റ്റിമേറ്റ്ഇനം നം. | ഡി.എസ്.ആർ 2014, കോഡ്. | ആവശ്യമായ ടാറിന്റെ അളവ് |
|---|---|---|---|
| 1 | 2 | KSS 3.6.1.2 | Pot hole filling@27.5Kg/m3= 13.8x27.5= 379.5Kg. |
| 2 | 3 | 16.30.2 | Providing and applying tack coat on bituminous surface@ 0.5Kg/m2<br>789x.5= 394.5 Kg. |
| 3 | 4 | 16.32.1 | 2cm premix carpet surfcing with 1.8m3 |

| | | | |
|---|---|---|---|
| | | | and 0.9m3 of stone chippings of 13.2mm size and 11.2mm size respectively per 100m2 and 52Kg and 56Kg of bitumin per 1m3 of stone chippings of 13.2mm and 11.2mm size respectively,@ 144Kg/100m2<br>789x1.44=1136.16Kg |
| 4 | 5 | 16.41 | Providing and laying seal coat on prepared surface @ 98Kg/100m2.<br>789x0.98= 773.22Kg |
| ആകെആവശ്യമായ ടാർ=379.5+394.5+1136.16+773.22= 2683.38 Kg | | | |

പ്രസ്തുത പ്രവൃത്തിക്കായി സിഡ്കോയിൽ നിന്നും കൺവീനർ വാങ്ങിയ ടാറിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം/തീയതി | ടാറിന്റെ അളവ് | ടാറിന്റെ വില, ട്രാൻസ്പോർട്ടേഷൻ, സർവ്വീസ് ടാക്സ് ഇനങ്ങളിൽ ചെലവഴിച്ച തുക (രൂ) |
|---|---|---|---|
| 1 | 15131/27.2.2016 | 15ബാരൽ@161.8Kg/ബാരൽ =2427 Kg | 75852 |

പ്രവൃത്തിക്ക് ആവശ്യമായ ടാർ = 2683.38 Kg

വാങ്ങി ഉപയോഗിച്ച ടാർ= 2427Kg

കുറവായി വാങ്ങിയ ടാർ = 2683.38-2427= 256.38Kg

എസ്റ്റിമേറ്റ് നിരക്ക് പ്രകാരം ടാറിന്റെ കൺവേയൻസ് ഉൾപ്പടെയുള്ള വില രൂ. 50.706/Kg ആണ്.
(വില- 50.6/Kg, കൺവേയൻസ്- 0.106/Kg)
ഉപയോഗിക്കാത്ത 256.38 Kg ടാറിന് 50.706/Kg നിരക്കിൽ നൽകിയ 13000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ, ആവശ്യകതയ്ക്കനുസരിച്ചുള്ള ടാർ ഉപയോഗിക്കാത്തതിനാൽ പ്രവൃത്തിയുടെ നിലവാരം കുറഞ്ഞിട്ടുള്ളതിന് വിശദീകരണം നൽകേണ്ടതുമാണ്.

നിരാകരിച്ച തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-8** <u>പ്രോജക്ട് നം. **SO-153/16-**കടയ്ക്കാമൺ ഹോമിയോ ആശുപത്രി കെട്ടിടം **(**ഒന്നാം ഘട്ടം**) -**നിർവഹണത്തിലെ അപാകതകൾ- നിരാകരിക്കുന്ന തുക**-33280/-**രൂപ</u>

നിർവഹണഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക- 400000/-രൂപ ( വികസന ഫണ്ട്-എസ്.സി.പി)

കൺവീനർ-ശ്രീമതി. സുമ.പി.ബി.

എഗ്രി. നം/തീയതി- AE/23/15-16/27.6.2015

എം. ബുക്ക് നം.58/15-16

ആകെ പ്രവൃത്തിമൂല്യം- 376818/-

(+) വാറ്റ്- 5%- 18841/-

WF -1%- 3768/-

-----------

22609/-

399427/-(ബിൽ നം. 70/15-16/26.10.2015)

(-)

വാറ്റ് -5%- 18841/-

WF -1%- 3768/-

IT- 1%- 3768 /-

-----------

26377/-

കൺവീനർക്ക് നൽകിയത് 373050/- രൂ. (ഡി.ഡി.നം. 374828/29.10.2015)

=======

പ്രസ്തുത പ്രവൃത്തിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*(എ) എം.ബുക്കിൽ രേഖപ്പെടുത്താത്ത അളവിന് തുക നൽകി.*

എസ്റ്റിമേറ്റ് ഇനം-2 പ്രകാരം (DSR,2014-കോഡ്-2.8.1) കെട്ടിടത്തിന് വാനം വെട്ടിയതിന്റെ അളവുകൾ എം.ബുക്ക് പേജ് നം. 2- ൽ രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

Long Wall – 3x7.80x0.60x0.65= 9.13

Short Wall- 3x6.80x0.60x0.65= 7.96

1x2.50x0.60x0.65= 0.98

1x1.20x0.60x0.65= 0.47

-----

ആകെ = 18.54 m3

========

എസ്റ്റിമേറ്റ് ഇനം-3 പ്രകാരം പ്രസ്തുത വാനത്തിൽ 10cm കനത്തിൽ ഫൗണ്ടേഷൻ ബെഡ് കോൺക്രീറ്റായി CC 1:4:8 ചെയ്യുന്നതിനാവശ്യമായ കോൺക്രീറ്റിന്റെ അളവ് ചുവടെ ചേർക്കുന്ന രീതിയിൽ കണക്കാക്കി എം.ബുക്ക് പേജ് നം. 3-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

Long Wall – 3x7.80x0.60x0.10= 1.40

Short Wall- 3x6.80x0.60x0.10= 1.22

1x2.50x0.60x0.10= 0.15

1x1.20x0.60x0.10= 0.07

-----

ആകെ = 2.84 m3

========

എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ 2.84m3 എന്ന അളവ് തിരുത്തി എസ്റ്റിമേറ്റ് അളവായ 6.60m3 എന്നാക്കി മാറ്റി 5307.25/m3 നിരക്കിൽ 35027.85 രൂ. നൽകിയിട്ടുണ്ട് (എം.ബുക്ക് പേജ് നം.15).

2.84 m3-ന് 5307.25/m3 നിരക്കിൽ അനുവദിക്കാവുന്ന തുക= 2.84x507.25 = 15072.59 രൂപയാണ്.

അധികം നൽകിയ തുക= 35027.85 - 15072.59= 19955/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്താത്തതും അസി. എക്സി. എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടില്ലാത്തതുമായ അളവിന് തുക നൽകിയ നടപടി ക്രമവിരുദ്ധമാണ്. കൂടാതെ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ, എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾ

ഗുണഭോക്തൃസമിതി സന്നദ്ധ സേവനമായി ചെയ്തതായി മാത്രമേ കണക്കാക്കാൻ കഴിയൂ. ഈ സാഹചര്യത്തിൽ, അധികം നൽകിയ 19955/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*(ബി)ഡി.ആർ മേസൺറി- അനുവദനീയമായതിലും കൂടുതൽ അളവിൽ ചെയ്തതിന് തുക നൽകി.*

എസ്റ്റിമേറ്റ് ഇനം-1 പ്രകാരം, യന്ത്രസംവിധാനമുപയോഗിച്ച് നിരപ്പാക്കിയ തറയിൽ ഇനം-2 പ്രകാരം 0.65m ആഴത്തിലാണ് വാനം വെട്ടിയിരിക്കുന്നത് (എം.ബുക്ക് പേജ് നം.2). തുടർന്ന് വാനത്തിൽ 0.10m കനത്തിൽ C.C.1:4:8 ചെയ്തിരിക്കുന്നു (ഇനം-3, എം.ബുക്ക് പേജ് നം.3). ഇപ്പോൾ വാനത്തിന്റെ ആഴം 0.55m മാത്രമാണ്. എന്നാൽ C.C.1:4:8-ന് മുകളിൽ 0.65m കനത്തിൽ ഡി.ആർ.മേസൺറി ചെയ്തിട്ടുള്ളതായി എം.ബുക്കിൽ രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ട് (ഇനം-4, എം.ബുക്ക് പേജ് നം.4). ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

3x7.80x0.60x0.65= 9.13

3x6.80x0.60x0.65= 7.96

1x2.50x0.60x0.65= 0.98

1x1.20x0.60x0.65= 0.47

--------

ആകെ= 18.54 m3

=======

18.54m3 @ 3126.56/m3 നിരക്കിൽ 57966.42 രൂപ നൽകിയിട്ടുണ്ട്.

അനുവദനീയമായ ഡി.ആർ.മേസൺറിയുടെ വിവരം ചുവടെ ചേർക്കുന്നു.

3x7.80x0.60x0.55= 7.72

3x6.80x0.60x0.55= 6.73

1x2.50x0.60x0.55= 0.825

1x1.20x0.60x0.55= 0.396

--------

ആകെ= 15.671m3

=======

15.671m3-ന് 3126.56/m3 നിരക്കിൽ അനുവദനീയമായ തുക= 15.671x3126.56=48996.32 രൂപ

അധികം നൽകിയ തുക = 57966.42-48996.32= 8970/- രൂപ അംഗീകരിക്കുന്നില്ല.

*(സി)വാനങ്ങളുടെ സംഗമസ്ഥാനങ്ങളിലെ പ്രവൃത്തികളുടെ അളവുകളിൽ ഇരട്ടിപ്പ്-തുക അധികം നൽകി.*

7.8m നീളത്തിലും, 0.60m വീതിയിലും, 0.65m ആഴത്തിലുമുള്ള മൂന്നു വാനങ്ങളും, അതിനു കുറുകെ 6.8m നീളത്തിലും, 0.60m വീതിയിലും, 0.65m ആഴത്തിലുമുള്ള മൂന്നു വാനങ്ങളുമാണ് വെട്ടിയിരിക്കുന്നത്.(ചെറിയ

വാനങ്ങളുടെ നീളം കണക്കാക്കിയിരിക്കുന്നത് വശങ്ങളിലുള്ള രണ്ട് വലിയ വാനങ്ങളുടെ ഇടയ്ക്കുള്ള ഭാഗത്തിന്റേത് മാത്രമാണ്.). മദ്ധ്യഭാഗത്തുള്ള വലിയവാനവും, കുറുകെയുള്ള മൂന്നു ചെറിയ വാനങ്ങളും തമ്മിൽ മൂന്നു ഭാഗങ്ങളിൽ സംഗമിക്കുന്നുണ്ട്. ഈ സംഗമസ്ഥാനങ്ങൾ മദ്ധ്യഭാഗത്തുള്ള വലിയവാനത്തിനും, കുറുകെയുള്ള ചെറിയ വാനങ്ങൾക്കും പൊതുവായതിനാൽ, സംഗമസ്ഥാനങ്ങളിലെ വാനം വെട്ട്, C.C.1:2:4, D.R.Foundation, R.R. Basement എന്നിവയ്ക്കുള്ള ചെലവ് ഏതെങ്കിലും ഒരു തരത്തിലുള്ള വാനത്തിൽ ഉൾപ്പെടുത്തിയാൽ മതിയായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെയാണ് ഈ ഇനങ്ങൾക്ക് തുക അനുവദിച്ചിരിക്കുന്നത്. ചുവടെ ചേർക്കുന്ന തരത്തിലാണ് കുറവുകൾ വരുത്തേണ്ടിയിരുന്നത്.

വാനം വെട്ട്- 3x 0.60x0.60x0.65= 0.702 m3 @194.34/m3= 136.43

C.C.1:2:4- 3x 0.60x0.60x0.10= 0.108 m3 @5307.25/m3= 573.18

D.R.Foundation- 3x 0.60x0.60x0.65= 0.702 m3 @3126.56/m3= 2194.85

R.R. Basement- 3x 0.50x0.50x0.40= 0.30 m3 @4834.59/m3= 1450.38

-------------

4354.84

= 4355/- രൂപ

========

ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

(എ), (ബി), (സി) ഇനങ്ങളിലായി ആകെ 33280/-രൂ. (19955+8970+4355=33280/-) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | തീയതി | | | | |
| പത്തനാപുരം ബ്ലോക്ക് | 28.0315 | 72611 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 46100 | 26511 |
| പത്തനാപുരം ബ്ലോക്ക് | 29.3.16 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 29.3.16 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| 2015-16 | ഇ.എം.എസ് ഭവന | 2015-16 ൽ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| പ്രാരംഭബാക്കി<br>1378982 | നിർമാണ പദ്ധതി | തിരിച്ചടച്ച തുക<br>595567 | തുക<br>783415 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 39014/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2011-12 | 3.5A<br>3.7 | 767<br>3881 | എസ്. പി .ശ്രീല , ഐ.സി.ഡി.എസ് സൂപ്പർവൈസർ, പിറവന്തൂർ ഗ്രാമപഞ്ചായത്ത്<br>മിനി മേഴ്സി എസ് .ജി ഫുൾടൈംസ്വീപ്പർ, പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 11501101826/ 30-09-15<br>11501101851/ 3-10-15 |
| 2012-13 & 2013-14 | 3-16<br>3-17 | 4890<br>1834 | ബീനാ നാരായണൻ അസി. എഞ്ചിനീയർ പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 1501101313/ 05-08-15 |
| | 3-13 | 4288 | മിനി മേഴ്സി എസ്. ജി ഫുൾ ടൈം സ്വീപ്പർ, | 11501101851/ 3-10-15 |

| | | | | |
|---|---|---|---|---|
| | | | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | |
| | 3-18 | 3559 | ബീനാ നാരായണൻ<br>അസി. എഞ്ചിനീയർ<br>പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 11501103995/<br>28-03-16 |
| | 2-2 | 250 | കെ .വിജയൻ , ലേബറർ,<br>ബഫല്ലോ ബീഡിംഗ് ഫാം | 11501102128/<br>13-10-15 |
| | 2-2 | 250 | ബി. സുധീർ കുമാർ<br>സരസ്വതി ഭവൻ ,<br>പുനലൂർ | 98190100086/<br>14-10-15 |
| | 3-5 | 11447 | ബീനാ നാരായണൻ<br>അസിഎഞ്ചിനീയർ,<br>പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 11501101313/<br>05-08-15 |
| | 3-13 | 5348 | മിനി മേഴ്സി എസ് .ജി<br>ഫുൾ ടൈം സ്വീപ്പർ<br>പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 11501101851/<br>3-10-15 |
| 2006-07 | 2-1 | 2500 | മാനേജർ<br>സൗത്ത് ഇന്ത്യൻ ബാങ്ക്<br>പിറവന്തൂർ | 1150140009/<br>18-12-15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 112144758 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 89744495 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 83633 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 250000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | -- | 30000 | ശ്രീ.ജോഷ്വാ ജേക്കബ്, സെക്രട്ടറി |
| 3-5 | -- | 5802 | ശ്രീ.ദിനേശ്. ഡി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | -- | 1551 | ശ്രീ.ദിനേശ്.ഡി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | -- | 13000 | ശ്രീ.ദിനേശ്.ഡി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-8 | -- | 33280 | ശ്രീ.ദിനേശ്.ഡി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 250000 | ഡോ.അഞ്ജു.പി.സി, മെഡിക്കൽഓഫീസർ(ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോഷ്വാജേക്കബ്, സെക്രട്ടറി | സെക്രട്ടറി, കൊടുമൺ ഗ്രാമപഞ്ചായത്ത് | പാറമുറ്റത്ത് ഹൗസ്, ചെങ്ങമനാട്. പി.ഒ, കൊട്ടാരക്കര. |
| ശ്രീ.ദിനേശ്. ഡി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, | വാഴവിളവീട്, കുമ്മിൾ.പി.ഒ, |

| | | |
|---|---|---|
| | പിറവന്തൂർ ഗ്രാമപഞ്ചായത്ത്. | കൊല്ലം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി-5/1280(4) /2014,19-06-2014 | 3 |
| 1998-99 | എൽ.എഫ്.ക്യൂ.പി-5/1280(5) /2014,19-06-2014 | 4 |
| 1999-00 | എൽ.എഫ്.ക്യൂ.പി-5/1280(6) /2014,19-06-2014 | 7 |
| 2000-01 | എൽ.എഫ്.ക്യൂ.പി-5/1280(7) /2014,19-06-2014 | 9 |
| 2001-02 | എൽ.എഫ്.ക്യൂ.പി-5/1280(8) /2014,19-06-2014 | 7 |
| 2002-03 | എൽ.എഫ്.ക്യൂ.പി-5/1280(9) /2014,19-06-2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി-5/1280(10) /2014,19-06-2014 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി-5/1280(11) /2014,19-06-2014 | 13 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ക്യൂ.പി-5/1280(12) /2014,19-06-2014 | 9 |
| 2006-07 | എൽ.എഫ്.ക്യൂ.പി-5/1280(13) /2014,19-06-2014 | 6 |
| 2007-08 | എൽ.എഫ്.ക്യൂ.പി-5/1280(14) /2014,19-06-2014 | 8 |
| 2008-09 | എൽ.എഫ്.ക്യൂ.പി-5/1280(14) /2014,19-06-2014 | 17 |
| 2009-10 | എൽ.എഫ്.ക്യൂ.പി-5/1280(15) /2014,19-06-2014 | 13 |
| 2010-11& 2011-12 | എൽ.എഫ്.ക്യൂ.പി-5/973/13 13-08-2013 | |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.പി-5/425)/2015/ 1-04-2015 | |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.5/1126 /16/27.07.16 | |

ഡെപ്യൂട്ടി ഡയറക്ടർ

# 4-10

അനുബന്ധം

കെ.എസ്.എ.കെ.എൽ.എം. പി5.1893/16 തീയതി, 04/02/2017

സാക്ഷ്യപത്രം 2015-16

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക പിറവന്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്,കൊല്ലം